ദുരന്തനിവാരണ സേന രൂപീകരണം

9 (6714) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പാലോട് രവി :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ ദുരന്തനിവാരണസേന രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സേനയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ഫീൽഡ് വിഭാഗം ജീവനക്കാർക്കും ഫീൽഡ് തലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി പരിശീലന പരിപാടികൾ നടത്താറുണ്ട്. കൂടാതെ ഗവൺമെന്റ് ആശുപത്രികളും മറ്റ് ആരോഗ്യ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് പരിശീലനം നൽകുകയും അതനുസരിച്ച് പ്രവർത്തിച്ച് വരികയും ചെയ്യുന്നുണ്ട്. ശബരിമല ഉത്സവ സീസൺ മറ്റ് പ്രധാന ഉത്സവങ്ങൾ എന്നിവയോട് അനുബന്ധിച്ച് ഇത്തരത്തിലുള്ള തയ്യാറെടുപ്പുകൾ നടത്താറുണ്ട്. ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ആരോഗ്യവകുപ്പ് ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യാറുണ്ട്. ഇതിനുപരി പ്രത്യേക ദുരന്തനിവാരണ സേന ആരോഗ്യവകുപ്പിൽ പ്രവർത്തിക്കുന്നില്ല. ദുരന്തനിവാരണ സേന ആരോഗ്യവകുപ്പിൽ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല

(ബി-ഡി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരമുള്ള കാൻസർ ചികിത്സാ ഗവേഷണ കേന്ദ്രത്തിന് കേന്ദ്രസഹായം

10 (6715) ശ്രീ. വി. ഉണ്ണിത്താൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ കാൻസർ ചികിത്സാ ഗവേഷണ കേന്ദ്രം പൂർത്തീകരിക്കുന്നതിന് കേന്ദ്ര സഹായം തേടുമോ ;

(ബി) ഇതു സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്രസംഘായത്തിന് നിർദ്ദേശം സമർപ്പിക്കുന്നതാണ്.

(ബി) കൊച്ചിയിലെ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി Detailed Project Report (DPR) തയ്യാറാക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ Hospital Services Consultancy Corporation (India) Limited (HSCC)നെ ചുമതലപ്പെടുത്തുകയും അവർ തയ്യാറാക്കിയ കരട് DPR 28-6-2014-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അംഗീകരിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ 6/6 മിഷൻ പദ്ധതിയിലുൾപ്പെടുത്തി ആഗസ്റ്റ് മാസത്തിൽ ശിലാസ്ഥാപനത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കൃാനഃയിൻ എഗൻസ്റ്റ് കൃാൻസർ

11 (6716) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "കൃാനഃയിൻ എഗൻസ്റ്റ് കാൻസർ" എന്ന പ്രചരണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് ഇതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ആരെയെല്ലാമാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രചരണ പരിപാടിക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് : വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ സ്ത്രീകളിൽ പ്രധാനമായും കണ്ടുവരുന്നത് സ്തനാർബുദവും ഗർഭാശയ കാൻസറും പുരുഷന്മാരിൽ ഇത് വദനാർബുദവും ശ്വാസകോശാർബുദവുമാണ്. ഇതിൽ വദനാർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ എന്നിവ മുൻകൂട്ടി കണ്ടെത്താൻ സാധിക്കുന്നതും നിർണ്ണയിക്കപ്പെട്ടാൽ നൂറു ശതമാനവും ചികിത്സിച്ചു ഭേദമാക്കാവുന്നതുമാണ്. ഈ വസ്തുതകൾ മുൻനിറുത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ കാൻസർ രോഗനിർണ്ണയം നടത്തുന്നതിനും രോഗബാധിതരെ കണ്ടുപിടിച്ച് ചികിത്സ നിർദ്ദേശിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാനമായ ഉദ്ദേശ്യലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly